**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 224** **12-07-2022 - ൽ മറുപടിയ്ക്ക്**

**ജലജീവൻ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | ജലജീവൻ പദ്ധതിക്കാവശ്യമായ ഭൂമി അതത് തദ്ദേശ സ്ഥാപനങ്ങൾ ഏറ്റെടുത്ത് കൈമാറണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; ഭൂമി ഏറ്റെടുത്ത് കൈമാറുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ജല ജീവൻ മിഷൻ പദ്ധതി മാനദണ്ഡപ്രകാരം തദ്ദേശ്ശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിൽ നടപ്പിലാക്കുന്ന പദ്ധതിയായതിനാൽ ആവശ്യമായിവരുന്ന സ്ഥലം ലഭ്യമാക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശ്ശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. ഭൂമി ഏറ്റെടുത്ത് കൈമാറുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്; ചുരുങ്ങിയ കാലത്തേക്ക് മാത്രമുള്ള ഈ പദ്ധതിയുടെ നടത്തിപ്പിലെ തടസ്സങ്ങൾ മാറ്റുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | 2024 ഓടെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും കുടിവെള്ള കണക്ഷൻ ഉറപ്പാക്കുവാൻ ലക്ഷ്യമിട്ടാണ് ജലജീവൻ മിഷൻ പദ്ധതി നടപ്പിലാക്കി വരുന്നത്.<br><br>ജലജീവൻ മിഷൻ പദ്ധതിക്കാവശ്യമായ വിവിധ ഘടകങ്ങളുടെ നിർമാണത്തിനുള്ള സ്ഥലത്തിന്റെ ലഭ്യത കുറവും, പൈപ്പ് സ്ഥാപിക്കുന്നതിന് വിവിധ റോഡ് ഏജൻസികളിൽ നിന്നും റയിൽവേ അധികാരികളിൽ നിന്നും അനുമതി ലഭ്യമാകുന്നതിനുള്ള കാലതാമസവും ആണ് സമയ ബന്ധിതമായ പദ്ധതി പൂർത്തീകരണം നേരിടുന്ന പ്രധാന വെല്ലുവിളി.<br><br>ജലജീവൻ മിഷൻ പദ്ധതിക്കാവശ്യമായ സ്ഥലം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ചീഫ് സെക്രട്ടറി ജില്ല കളക്ടർമാരുടെ യോഗം വിളിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. സംസ്ഥാനത്ത് സർക്കാർ അധീനതയിലുള്ള അനുവദനീയമായ പരിധിയിലുള്ള പുറമ്പോക്ക് ഭൂമി ജലജീവൻ മിഷൻ പദ്ധതിക്കുവേണ്ടി വിനിയോഗിക്കുന്നതിന് അനുമതി നൽകുന്നതിനായി ജില്ലാ കളക്ടർമാരെ അധികാരപ്പെടുത്തി റവന്യൂ(എൽ) വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് |

17/06/2022 ലെ സ .ഉ(കൈ).നം.161/2022/RDഎന്ന സർക്കാർ ഉത്തരവ് അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു. കൂടാതെ സംസ്ഥാനത്ത് ജല ജീവൻ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് ആവശ്യമായ സ്വകാര്യ ഭൂമി ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട തദ്ദേശ്ശ സ്വയംഭരണ സ്ഥാപനങ്ങൾ, ജന പ്രതിനിധികൾ തുടങ്ങിയവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള യോഗങ്ങൾ സംഘടിപ്പിച്ച് തടസ്സങ്ങൾ നീക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുവാനും ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതിക്കുവേണ്ടി റോഡ് മുറിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹിക്കുന്നതിന് ഏകോപന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പൊതുമരാമത്ത് റോഡുകളുടെ പരിപാലനവും ജല വിഭവ പദ്ധതി പ്രവർത്തികളും ഏകോപിപ്പിക്കാൻ പൊതുമരാമത്ത് - ജലസേചന വകുപ്പുകളുടെ ഉന്നതതല യോഗം സ്ഥിരം കമ്മിറ്റിക്കു രൂപം നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം (2) ആയി ചേർക്കുന്നു. കൂടാതെ പൊതുനിരത്തുകളിൽ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി റോഡ് മുറിക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അതാത് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ എല്ലാ മാസവും ഡി.ഐ.സി.സി (ഡിസ്ട്രിക്റ്റ് ഇൻഫ്രാസ്ട്രക്ചർ കോ-ഓർഡിനേഷൻ കമ്മിറ്റി) യോഗം കൂടുന്നുണ്ട്.

പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് ചില പ്രദേശങ്ങളിൽ കണക്ഷൻ എടുക്കുന്നതിൽ പൊതുജനങ്ങളുടെ വിമുഖത, തദ്ദേശ്ശീയമായി നിലനിൽക്കുന്ന വസ്തു തർക്കങ്ങൾ മുതലായവയും പദ്ധതി പുരോഗതിയിൽ തടസ്സം സൃഷ്ടിക്കുന്നുണ്ട്. കൂടാതെ പൈപ്പിന്റെയും അനുബന്ധ സാധനങ്ങളുടെയും വില വർദ്ധന, LMR റേറ്റിൽ നിലനിൽക്കുന്ന അപാകത എന്നിവ മൂലം കരാറുകാരിൽ പ്രവർത്തികൾ എടുക്കുന്നതിനുള്ള താൽപ്പര്യം കുറയുന്നതും, അംഗീകരിക്കുവാൻ കഴിയാത്ത വിധം അമിത തുക quote ചെയ്യുന്നതും പ്രവൃത്തികൾ യഥാ സമയം നടപ്പിലാക്കുന്നതിന് ബുദ്ധിമുട്ടു സൃഷ്ടിക്കുന്നു.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ചീഫ് സെക്രട്ടറിയും മുൻഗണന പട്ടികയിലുള്ള പദ്ധതികളിൽ ഉൾപ്പെടുത്തി ജല ജീവൻ മിഷൻ പദ്ധതി പുരോഗതി നേരിട്ട് അവലോകനം നടത്തി വരുന്നു. പ്രസ്തുത അവലോകന തീരുമാനം അനുസരിച്ചു റോഡ് കട്ടിങ് അനുമതി, നിർവഹണത്തിനാവശ്യമായ ഭൂമി എന്നിവ

| | | | |
|---|---|---|---|
| | | | ലഭ്യമാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനു ഉന്നത തലത്തിൽ നേരിട്ട് ഇടപെടൽ നടത്തുന്നുണ്ട്.<br>ജല ജീവൻ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ വകുപ്പുകളിൽ നിന്നും അനുമതി ലഭ്യമാകേണ്ടുന്ന പ്രവർത്തികൾ സംബന്ധിച്ചുള്ള വിവരങ്ങൾ കേന്ദ്ര സർക്കാർ നേരിട്ട് വിലയിരുത്തി അനുമതി ലഭ്യമാക്കുന്നതിനുള്ള സംവിധാനം, വെബ് സൈറ്റിൽ നൽകുന്നതിനുള്ള സംവിധാനം ഉൾപ്പെടെ, ഏർപ്പെടുത്തിയിട്ടുണ്ട്. അനുമതികൾ സമയ ബന്ധിതമായി ലഭ്യമാക്കുവാൻ കേന്ദ്ര തലത്തിലും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച യോഗങ്ങൾ നടത്തുന്നുണ്ട്. ജല ജീവൻ മിഷൻ പദ്ധതിയുമായി ബന്ധപെട്ട് കേന്ദ്ര സർക്കാർ വകുപ്പുകളിൽ നിന്നും ലഭിക്കേണ്ട അനുമതി സംബന്ധിച്ചുള്ള വിവരങ്ങൾ കേന്ദ്ര സർക്കാരിന്റെ വെബ് സൈറ്റിൽ രേഖപ്പെടുത്തുന്ന മുറയ്ക്ക് ജല ശക്തി മന്ത്രാലയം നേരിട്ട് പ്രസ്തുത വിഷയം ബന്ധപ്പെട്ട വകുപ്പുമായി ഇടപെട്ട് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ പ്രവർത്തി നിർവഹണത്തിനാവശ്യമായ പൈപ്പിന്റെയും അനുബന്ധ സാമഗ്രികളുടെയും അപര്യാപ്തത പരിഹരിക്കുന്നതിനായി നിർമ്മാണ കമ്പനികളുമായും ചർച്ച നടത്തുന്നതിനായി കേന്ദ്ര ജല ശക്തി മന്ത്രാലയം നടപടികൾ സ്വീകരിച്ചു വരുന്നു.<br>ജല ജീവൻ മിഷൻ പദ്ധതി നിർവ്വഹണ മേൽനോട്ടത്തിനായി സംസ്ഥാന തലത്തിൽ ചീഫ് സെക്രട്ടറി അധ്യക്ഷനായ സ്റ്റേറ്റ് വാട്ടർ ആന്റ് സാനിറ്റേഷൻ മിഷനും ജില്ലാതലത്തിൽ ജില്ലാ കളക്ടർമാർ അധ്യക്ഷരായ ഡിസ്ട്രിക്ട് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷനുകൾ നിലവിലുണ്ട്.<br>ഈ വിധം തടസ്സങ്ങൾ മറി കടന്നു പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുന്നതിനുള്ള തീവ്രശ്രമമാണ് കേന്ദ്ര സംസ്ഥാന സർക്കാരുകൾ നടത്തി വരുന്നത്. |
| (സി) | സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫെയർ വാല്യൂവിനേക്കാൾ 30 ശതമാനത്തിലധികം തുക തദ്ദേശ സ്ഥാപനങ്ങൾക്ക് അനുവദിക്കാൻ സാധിക്കാത്തതും മാർക്കറ്റ് വില അതിനെക്കാൾ ഉയർന്ന് നിൽക്കുന്നതും കണക്കിലെടുത്ത് തദ്ദേശ വകുപ്പുമായി ചേർന്ന് ജലജീവൻ പദ്ധതിയ്ക്കായി മാത്രമെങ്കിലും ഇളവ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാമോ; | (സി) | നിലവിൽ ഫെയർ വാല്യൂവിനേക്കാൾ 30% ലധികം ഉയർന്നതിനാലോ മാർക്കറ്റ് വില അധികരിച്ചു നിൽക്കുന്നതു കൊണ്ടോ മാത്രം സ്ഥലം ഏറ്റെടുക്കാൻ സാധിക്കാതിരിക്കുകയും, പദ്ധതി നടത്തിപ്പ് തടസ്സപ്പെടുകയും ചെയ്യുകയാണ് എന്ന തരത്തിലുള്ള കാര്യങ്ങൾ ഇതുവരെ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജലജീവൻ മിഷൻ സർക്കാരിന്റെ മുൻഗണനാ പദ്ധതിയായതിനാലും, കുടിവെള്ളം നല്കുന്നതിനുള്ള പദ്ധതിയായതിനാലും ഇക്കാര്യം പ്രത്യേകം പരിശോധിക്കാവുന്നതാണ്. |
| (ഡി) | സ്ഥല വിലയായി ലഭിക്കുന്ന ഏറ്റവും കുറഞ്ഞ ക്വട്ടേഷൻ തുകയ്ക്ക് സ്ഥലമേറ്റെടുക്കുന്നതിന് തദ്ദേശ | (ഡി) | നിലവിൽ ഫെയർ വാല്യൂവിനേക്കാൾ 30% ലധികം ഉയർന്നതിനാലോ മാർക്കറ്റ് വില അധികരിച്ചു |

| | | | |
|---|---|---|---|
| | സ്ഥാപനങ്ങൾക്ക് അനുമതി നൽകുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പുമായി ചേർന്ന് നടപടി സ്വീകരിക്കാമോ? | | നിൽക്കുന്നതു കൊണ്ടോ മാത്രം സ്ഥലം ഏറ്റെടുക്കാൻ സാധിക്കാതിരിക്കുകയും, പദ്ധതി നടത്തിപ്പ് തടസ്സപ്പെടുകയും ചെയ്യുകയാണ് എന്ന തരത്തിലുള്ള കാര്യങ്ങൾ ഇതുവരെ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജലജീവൻ മിഷൻ സർക്കാരിന്റെ മുൻഗണനാ പദ്ധതിയായതിനാലും, കുടിവെള്ളം നല്കുന്നതിനുള്ള പദ്ധതിയായതിനാലും ഇക്കാര്യം പ്രത്യേകം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

റവന്യൂ വകുപ്പ് - കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന ജൽ ജീവൻ മിഷൻ പദ്ധതികൾക്കായി അനുവദനീയമായ പരിധിയിൽനിന്നുകൊണ്ടും സർക്കാർ പുറമ്പോക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തികൊണ്ടും ആവശ്യമായ ഭൂമിയുടെ ഉപയോഗാനുമതി നൽകുവാൻ നിലവിലെ നിയമത്തിൽ ഇളവ് നൽകി കൊണ്ട് ജില്ലാ കളക്ടർമാർക്ക് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (എൽ) വകുപ്പ്

സ.ഉ.(കൈ) നം.161/2022/RD തീയതി,തിരുവനന്തപുരം, 17-06-2022

---

പരാമർശം:- 1. സ ഉ ( അച്ചടി ) 31/2018/റവ തീയതി 05/06/2018.

2. ലാന്റ് റവന്യു കമ്മീഷണറുടെ 21/04/2022-ലെ എൽ ആർ/1423/2022-എൽ ആർ (കെ2) നമ്പർ കത്ത്.

**ഉത്തരവ്**

കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന ജൽ ജീവൻ മിഷന്റെ ഭാഗമായി കുടിവെള്ള പദ്ധതിയ്ക്കായി കേരള വാട്ടർ അതോറിറ്റിയ്ക്ക് ഭൂമി അനുവദിക്കണമെന്ന് ലാൻഡ് റവന്യൂ കമ്മിഷണർ ആവശ്യപ്പെട്ടിരുന്നു. ലാൻഡ് റവന്യൂ കമ്മീഷണറുടെ പരാമർശം (2) ലെ റിപ്പോർട്ട് പ്രകാരം ജൽ ജീവൻ മിഷൻ പദ്ധതികൾക്കായി എല്ലാ ജില്ലകളിലും വിവിധ പഞ്ചായത്തുകളിലും നഗരസഭകളിലുമായി 5-25 സെന്റ് വരെ വിസ്തീർണ്ണമുള്ള ഭൂമിയുടെ ഉപയോഗാനുമതി ആവശ്യപ്പെട്ട് കൊണ്ട് അപേക്ഷകൾ വരുന്നുണ്ട്. പരാമർശം (1) ഉത്തരവ് പ്രകാരം നിലവിൽ 50 സെന്റ് വരെയുള്ള ഭൂമി ഗ്രാമ പ്രദേശത്തും 25 സെന്റ് വരെയുള്ള ഭൂമി നഗരസഭാ പ്രദേശത്തും 10 സെന്റ് വരെയുള്ള ഭൂമി കോർപ്പറേഷൻ പ്രദേശത്തും സേവനവകുപ്പുകൾക്ക് കൈമാറി നൽകാൻ ജില്ലാ കളക്ടർമാരെ അധികാരപ്പെടുത്തിയിട്ടുണ്ട്. കേരള ജല അതോറിറ്റി സേവന വകുപ്പല്ലാത്തതിനാൽ ജൽ ജീവൻ മിഷന്റെ പദ്ധതികൾക്കാവശ്യമായ ഭൂമി പരാമർശം (1) ഉത്തരവ് പ്രകാരം കൈമാറുവാൻ സാധിക്കുകയില്ല. എന്നാൽ ജൽ ജീവൻ മിഷൻ സംസ്ഥാന സർക്കാരിന്റെ മുൻഗണനാ വിഭാഗത്തിലുള്ള പദ്ധതിയായതിനാലും, കുടിവെള്ള ലഭ്യത നൽകുന്നതിനുള്ള പദ്ധതിയായതിനാലും, ജൽ ജീവൻ മിഷന്റെ പദ്ധതികൾക്ക് കൂടി

നിലവിലുള്ള സേവന വകുപ്പുകൾക്ക് നൽകുന്ന തരത്തിൽ പുറമ്പോക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം സർക്കാരിൽ നിലനിറുത്തി ഉപയോഗാനുമതി നൽകുന്നതിന് ജില്ലാ കളക്ടർമാർക്ക് അധികാരം നൽകാവുന്നതാണെന്ന് ലാൻഡ് റവന്യൂ കമ്മിഷണർ ശുപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന ജൽ ജീവൻ മിഷൻ പദ്ധതികൾക്കായി അനുവദനീയമായ പരിധിയിൽനിന്നുകൊണ്ടും സർക്കാർ പുറമ്പോക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തികൊണ്ടും ആവശ്യമായ ഭൂമിയുടെ ഉപയോഗാനുമതി വാട്ടർ അതോറിറ്റിയ്ക്ക് നൽകുവാൻ നിലവിലെ നിയമത്തിൽ ഇളവ് നൽകി കൊണ്ട് ജില്ലാ കളക്ടർമാർക്ക് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ഇക്കാര്യത്തിൽ നിയമാനുസൃതമായ തുടർനടപടികൾ ജില്ലാ കളക്ടർമാർ സമയബന്ധിതമായി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ .എ .ജയതിലക് ഐ എ എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

അക്കൌണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്), കേരള, തിരുവനന്തപുരം.

എല്ലാ ജില്ലാ കളക്ടർമാർക്കും

പൊതുഭരണ (എസ്.സി.) വകുപ്പ് (15/06/2022-ലെ മന്ത്രിസഭായോഗ നടപടിക്കുറിപ്പ് ഇനം നം 816 പ്രകാരം)

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുമരാമത്ത് വകുപ്പ് - പൊതുമരാമത്ത് റോഡുകളുടെ പരിപാലനവും ജലവിഭവ പദ്ധതികളും ഏകോപിപ്പിക്കുന്നതിലേക്കായി സ്ഥിര സമിതി രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുമരാമത്ത്(എച്ച്) വകുപ്പ്

സ.ഉ.(സാധാ) നം.20/2022/പൊ.മ.വ തീയതി,തിരുവനന്തപുരം, 07/01/2022

പരാമർശം:- 05.01.2022 ന് ബഹു .പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു.ജലവിഭവ വകുപ്പ് മന്ത്രിയുമായുള്ള യോഗ തീരുമാനം.

ഉത്തരവ്

പൊതുമരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് ജലവിഭവവകുപ്പിന്റെ ഏകോപനം നടത്തുന്നതിലേക്കായി 05.01.2022 ന് ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. ജലവിഭവ വകുപ്പ് മന്ത്രിയുമായുള്ള ഒരു യോഗം ചേരുകയുണ്ടായി.പ്രസ്തുത യോഗത്തിൽ പൊതുമരാമത്ത് റോഡുകളുടെ പരിപാലനവും ജലവിഭവ പദ്ധതികളും ഏകോപിപ്പിക്കുന്നതിലേക്കായി സ്ഥിര സമിതിയ്ക്ക് രൂപം നൽകാൻ തീരുമാനിച്ചു.ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്ന അംഗങ്ങളെ ഉൾപ്പെടുത്തി സ്ഥിര സമിതി രൂപീകരിച്ചുകൊണ്ട് ഉത്തരവാകുന്നു.

കൺവീനർ - സെക്രട്ടറി,പൊതുമരാമത്ത് വകുപ്പ്

പൊതുമരാമത്ത് വകുപ്പ് -അംഗങ്ങൾ

പൊതുമരാമത്ത് വകുപ്പ് ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ(നിരത്ത് വിഭാഗം)

ചീഫ് എഞ്ചിനീയർ(ദേശീയപാത)

ചീഫ് എഞ്ചിനീയർ(മെയിന്റനൻസ്)

ചീഫ് എഞ്ചിനീയർ(കെ എസ് ടി പി - കെ ആർ എഫ് ബി )

ചീഫ് എൻജിനീയർ(പാലങ്ങൾ വിഭാഗം)

ജലസേചന വകുപ്പ് -അംഗങ്ങൾ

ജലവിഭവ വകുപ്പ് സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ(കെ ഡബ്ല്യു എ)

ടെക്നിക്കൽ മെമ്പർ(കെ ഡബ്ല്യു എ)

ചീഫ് എഞ്ചിനീയർ(പ്രോജക്ട്)

ചീഫ് എഞ്ചിനീയർ(നോർത്ത്)
ചീഫ് എഞ്ചിനീയർ(സെൻട്രൽ)
ചീഫ് എഞ്ചിനീയർ(സൗത്ത്)

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ആനന്ദ് സിംഗ്
സെക്രട്ടറി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പി.എസ് ന്
പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ സി.എ
പൊതുമരാമത്ത് വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ